LIBRARY ARCHIVES Kerala Legislative Assembly

കായംകുളം മെഗാ ടൂറിസം പദ്ധതി

278 (2558) ശ്രീ. സി. കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മെഗാ ടൂറിസം പദ്ധതിയിൽ ഏതെല്ലാം പ്രവൃത്തികളാണ് ഉൾപ്പെട്ടിട്ടുള്ളതെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ എന്തെന്നും വ്യക്തമാക്കാമോ;

(ബി) പ്രവൃത്തി ഏറ്റെടുത്ത കരാറുകാർക്ക് പണം ലഭിക്കാത്തതുമൂലം നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തി വച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതി നഷ്ടപ്പെടാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നും നിർമ്മാണ പ്രവർത്തനങ്ങളുടെ കാലാവധി എന്നുവരെയാണെന്നും വിശദമാക്കാമോ?

ഉത്തരം

(എ) കായംകുളം മെഗാ ടൂറിസം പദ്ധതി നിലവിലില്ല. എന്നാൽ ആലപ്പുഴ ബാക്ക് വാട്ടർ മെഗാ സർക്യൂട്ട് പദ്ധതിയിൽ കായംകുളവും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥയും അവയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഉണ്ട്. കേന്ദ്ര ടൂറിസം മന്ത്രാലയത്തിൽ നിന്നും ആവശ്യമായ ഫണ്ട് ലഭിക്കാത്തതിനാൽ നിർവ്വഹണ ഏജൻസികൾക്ക് ഫണ്ട് നൽകാൻ കഴിയാത്ത സാഹചര്യം ഉണ്ടായിരുന്നു. എന്നാൽ പദ്ധതി നിർവ്വഹണം നിലയ്ക്കാതിരിക്കുവാൻ പ്രസ്തുത ഫണ്ട് സംസ്ഥാന ശീർഷകങ്ങളിൽ നിന്നും തൽക്കാലം നൽകിയിട്ടുണ്ട്. കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ ഉത്തരവ് പ്രകാരം 31-3-2016 വരെയാണ് നിർമ്മാണ പ്രവർത്തനങ്ങളുടെ കാലാവധി.

കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

279 (2559) ശ്രീ. എ. പ്രദീപ്കുമാർ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ വിനോദ സഞ്ചാര വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ പേരും തുകയും വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്